LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമ വ്യവസ്ഥകൾ ലംഘിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട 19115 നിർമ്മാണങ്ങളുണ്ട്.

(ബി) 16939 നിർമ്മാണങ്ങൾ.

(സി) 432 നിർമ്മാണങ്ങൾ.

(ഡി) കൊമേഴ്സ്യൽ കെട്ടിടങ്ങൾ 308, സർക്കാർ കെട്ടിടങ്ങൾ 21.

(ഇ) 1415 നിർമ്മാണങ്ങൾ.

വൈപ്പിൻ - പള്ളിപ്പുറം തീരദേശപാത

180 (1618) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ - പള്ളിപ്പുറം തീരദേശപാതയുടെ നിർമ്മാണത്തിന് ജിഡയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഫണ്ട് എത്രയെന്നും എന്നാണ് പ്രസ്തുത നിർമ്മാണത്തിന് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എത്ര റീച്ചുകളായാണ് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ റീച്ചുകളും പൂർത്തീകരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ;

(ഡി) ഏതെങ്കിലും റീച്ചിൽ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(ഇ) നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 19-1-2012-ൽ കൂടിയ 26-ാം ജിഡ ജനറൽ കൗൺസിൽ 23.60 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി 3 റീച്ചുകളായി തിരിച്ച് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(സി-എഫ്) ഈ പദ്ധതിയിൽ രണ്ടാം റീച്ച് സെയ്ദ മുഹമ്മദ് റോഡുമുതൽ ഞാറക്കൽ ആശുപത്രി റോഡുവരെ 7.13 കി.മീറ്ററിന് 4.91 കോടി രൂപയ്ക്ക് സർക്കാർ അനുമതി ലഭ്യമായി നിർമ്മാണം തുടങ്ങിയെങ്കിലും പരിസരവാസികൾ തടസ്സം ഉന്നയിച്ചിരിക്കുന്നതിനാൽ നിർമ്മാണം നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. ഒന്നും രണ്ടും റീച്ചുകളിൽ നിർമ്മാണ പ്രവൃത്തി തുടങ്ങിയിട്ടില്ല. ഇറിഗേഷൻ വകുപ്പ്, കടൽഭിത്തിയിൽ നിന്നും 3 മീറ്റർ വിട്ട് റോഡ് നിർമ്മിക്കുവാൻ പാടുള്ളൂ എന്നറിയിച്ചിട്ടുണ്ട്. കടൽജലം അടിച്ചുകയറി റോഡ് ഗതാഗതയോഗ്യമല്ലാതായി തീരുന്നതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ചശേഷം റോഡ് ഉയർത്തി നിർമ്മിക്കണമെന്നും വെള്ളക്കെട്ട് ഒഴിവാക്കുവാൻ ഇടവിട്ട് കാന നിർമ്മിക്കണമെന്നും സ്ഥലവാസികൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ നിലവിലുള്ള എസ്റ്റിമേറ്റ് പുതുക്കി തരുവാൻ കിറ്റ്കോയെ എൽപ്പിച്ചിട്ടുണ്ട്. മേൽ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുകയാണ്. പ്രസ്തുത തടസ്സങ്ങൾ നിലനിൽക്കുന്നതിനാൽ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ ആകുമെന്ന് വ്യക്തമാക്കുന്നതിന് സാധിക്കുന്നില്ല.

മുളവുകാട് റോഡിന്റെ നിർമ്മാണത്തിന് ജിഡയിൽനിന്നും ഫണ്ട്

181 (1619) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളവുകാട് റോഡിന്റെ നിർമ്മാണത്തിന് ജിഡയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ എത്രയെന്നും എന്നാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly